അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഒഴിവുകൾ

62(760) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിൽനിന്നും എത്ര ശിശുമരണം റിപ്പോർട്ടുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അട്ടപ്പാടി ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിവിധ തസ്തികകളിലായി 22 ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിലുണ്ടായ ശിശുമരണം കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ശിശുമരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

വർഷം	എണ്ണം
2011	4
2012	13
2013	31
2014	15
2015	14
2016 4/2/2016 വരെ	1

(ബി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിവിധ തസ്തികകളിലായി 21 ഒഴിവുകൾ നിലവിലുണ്ട്.

തസ്തിക	ഒഴിവ്
ജൂനിയർ കൺസൾട്ടന്റ്	6
ഹെഡ് നഴ്സ്	1
സ്റ്റാഫ് നഴ്സ് ഗ്രേഡ്-I	8
നഴ്സിംഗ് അസിസ്റ്റന്റ്	2
ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 1	1
ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 2	2
ഫാർമസിസ്റ്റ് ഗ്രേഡ് - 2	1

LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകളിൽ 5 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും ഒരു ഡോക്ടറെ ഡിപ്ലോയ്മെന്റ് വഴിയും നിയമിച്ചിട്ടുണ്ട്. 6 സ്റ്റാഫ് നഴ്സുമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഫാർമസിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് വഴി നിയമിച്ച ഫാർമസിസ്റ്റ് ജോലിക്ക് ഹാജരായിട്ടില്ല. ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് - I, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവ പ്രൊമോഷൻ തസ്തികകളാണ്. ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ ഉടൻ നൽകുന്നതാണ്.

(സി) സ്വീകരിക്കും. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയും അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തിവരുന്നു.

ന്യൂമോണിയ പ്രതിരോധ മരുന്ന്

63(761) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ.

(സി) ഇതിനു കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കുട്ടികളിൽ കണ്ടുവരുന്ന ന്യൂമോണിയ രോഗത്തിന് ഒരു പ്രധാന കാരണം ഹീമോഫിലസ് ഇൻഫ്ലുവൻസാ-ബി (Haemophilus Influenza-B) വൈറസ് മൂലമുണ്ടാകുന്ന ശ്വാസകോശ അണുബാധയാണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് പട്ടികയിൽ ചേർത്ത് ഈ രോഗത്തിനുള്ള പ്രതിരോധ മരുന്ന് നൽകുന്നു. ഇത് പെന്റാവാലന്റ് വാക്സിൻ എന്നറിയപ്പെടുന്നു. ഹീമോഫിലസ് ഇൻഫ്ലുവൻസ ഉൾപ്പെടെ 5 രോഗത്തിന് പ്രതിരോധമായി ഈ വാക്സിൻ നൽകുന്നുണ്ട്. ഇത് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് 3 ഡോസ് പെന്റാവാലന്റ് വാക്സിൻ ഒരു മാസ വ്യത്യാസത്തിൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly